LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കാൻ നടപടി

165(5324) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കശുവണ്ടി സംസ്കരണ ഫാക്ടറികൾ നവീകരിക്കുന്നതിനും യന്ത്രവത്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികൾ നവീകരിക്കുന്നതിനും ഭാഗിക യന്ത്രവത്കരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2017 - 2018 സാമ്പത്തിക വർഷം 40 കോടി രൂപയും 2020-2021-ൽ 13.5 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ ഭാഗിക യന്ത്രവത്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാവശ്യമായ ഡൈനിംഗ് ഹാൾ, ഡ്രസ്സിംഗ് റും, വായനാ മുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ടോയ്ലറ്റ് ബ്ലോക്കുകൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചൂടുവെള്ളം അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ടെക്കുകൾ, ഷെഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്കാവശ്യമായ തൊട്ടിൽപ്പുര എന്നീ നവീകരണ യന്ത്രവത്കരണ നടപടികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിൽ 510 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു.

കശുവണ്ടി ഫാക്ടറികൾ

166(5325) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷത്തേയ്ക്ക് എത്ര ടൺ കശുവണ്ടി ആവശ്യമുണ്ട്; സംസ്ഥാനത്ത് എത്ര ടൺ കശുവണ്ടി ഉത്പാദിപ്പിക്കുന്നുണ്ട്; അറിയിക്കാമോ?